(ഡി) ഉണ്ടെങ്കിൽ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കൈവശരേഖയുടെ ഈടിൻമേൽ വായ്പകൾ നൽകുവാൻ ബാങ്കുകൾ വിസമ്മതിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ സ്ഥലത്തുള്ള കൃഷിക്കാർക്ക് നിയമപരമായി സംരക്ഷണം നൽകുന്നതിന് പുതിയ നിയമ നിർമ്മാണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 1.1.1977-ന് മുമ്പ് കയ്യേറിയ 28588.159 ഹെക്ടർ സ്ഥലത്തെ കയ്യേറ്റം ക്രമവൽക്കരിച്ച് പട്ടയം നൽകുവാനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതേ തുടർന്ന് ഇടുക്കി ജില്ലയിൽ പത്തും, തൃശ്ശൂർ ജില്ലയിൽ രണ്ടും സ്പെഷ്യൽ ലാന്റ് അസൈൻമെന്റ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകി പട്ടയം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. കൊല്ലം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലും പട്ടയ വിതരണം നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 1.1.1977-ന് മുമ്പ് വനഭൂമി കൈവശമുള്ള അർഹരായ എല്ലാ പേർക്കും പട്ടയം നൽകാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ സ്ഥലത്ത് അർഹരായവർക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി പട്ടയം നൽകാനുള്ള നടപടി നടന്നുവരുന്നതിനാൽ പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം

1 (3071) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുവാൻ സർക്കാർ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) കേരളത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ചെറുകിട വ്യവസായം ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ സിഡ്കോ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എസ്റ്റേറ്റുകളിലെ അന്യായമായ വാടക വർദ്ധനവ് പിൻവലിക്കുവാൻ നടപടി എടുക്കുമോ;

(എഫ്) വാടകയ്ക്ക് വ്യവസായം നടത്തുന്നവർക്ക് വസ്തുവും കെട്ടിടവും സർക്കാർ വിജ്ഞാപന പ്രകാരം വില നിശ്ചയിച്ച് ഔട്ട്/ഹയർ പർച്ചേസ് പ്രകാരം നൽകാൻ നടപടി എടുക്കുമോ;

(ജി) കെട്ടിടവും വസ്തുവും ഔട്ട്/ഹയർ പർച്ചേസിൽ വാങ്ങിയവർക്ക് വിലവർദ്ധിപ്പിക്കാതെ പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) വസ്തു വാങ്ങി കെട്ടിടം വച്ചവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഐ) പാർട്ട്ണർഷിപ്പിൽ വ്യത്യാസം വരുത്തുവാനുള്ള അവകാശം വ്യവസായികൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(ജെ) സിഡ്കോയുടെ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ വലിയ പ്രതിസന്ധി നേരിടുന്നത് കണക്കിലെടുത്ത് അതിന് പരിഹാരം കാണാനും, മൊത്തം പ്രവർത്തനങ്ങൾ വിലയിരുത്താനും ഒരു കമ്മിഷനെ നിയമിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക് സ്ഥാപിക്കുക എന്ന നയത്തിന്റെ ഭാഗമായി 37 മണ്ഡലങ്ങളിൽ സ്ഥലം ലഭ്യമാക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള കത്തുകൾ ലഭിച്ചിട്ടുണ്ട്. അവയിൽ സ്ഥലം ലഭ്യമാക്കി കഴിഞ്ഞ 9 മണ്ഡലങ്ങളിൽ/വ്യവസായ പാർക്കിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) റിപ്പോർട്ട് ചെയ്യപ്പെടുന്ന ചില പീഡിത വ്യവസായങ്ങളെ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളുടെ അംഗീകാരത്തോടുകൂടി പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൻകീഴിൽനിന്ന് യൂണിറ്റായി രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകൾക്ക് പുനരുദ്ധാരണ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ വരെ മാർജിൻ മണി വായ്പ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സബ്സിഡി, സെയിൽസ് ടാക്സ് കുടിശ്ശികയ്ക്ക് മോറട്ടോറിയം, പുനരുദ്ധരിച്ചശേഷം സെയിൽ ടാക്സ് ഇളവ്, പുനരുദ്ധരിക്കുന്നതിന് സ്ഥിര ധന നിക്ഷേപമുണ്ടെങ്കിൽ 15 സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, റവന്യൂ റിക്കവറി നടപടികൾ നിർത്തിവെയ്ക്കൽ, സർക്കാരിലേയ്ക്കും, ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കും അടയ്ക്കാനുള്ള കുടിശ്ശികയ്ക്ക് സാവകാശം വിഭേദിക്കപ്പെട്ട വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കൽ എന്നീ നടപടികൾ കൈക്കൊള്ളുന്നു. കൂടാതെ, സിഡ്കോയുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സാദ്ധ്യമായ എല്ലാ സഹായ സഹകരണങ്ങളും സിഡ്കോ നൽകിവരുന്നുണ്ട്.

(സി) വിലയിരുത്തുന്നുണ്ട്.

(ഡി) ചെറുകിട വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥലം, ഫാക്ടറി കെട്ടിടങ്ങൾ എന്നിവ ലഭ്യതയ്ക്കനുസൃതമായി ഔട്ട്റൈറ്റ് പർച്ചേസ്/തവണ/വാടക വ്യവസ്ഥകളിൽ നൽകിവരുന്നുണ്ട്. കൂടാതെ ജില്ലതോറുമുള്ള ഡിപ്പോകൾവഴി അസംസ്കൃത പദാർത്ഥങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിതരണം, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന സഹായം എന്നിവയും നൽകിവരുന്നുണ്ട്.

(ഇ) എസ്റ്റേറ്റുകളിൽ നിശ്ചയിച്ചിട്ടുള്ള വാടക ഇന്ന് വിപണിയിൽ നിലവിലുള്ള വാടക നിരക്കിനേക്കാൾ തുലോം കുറവാണ്. ആയതിനാൽ വാടക വർദ്ധന പിൻവലിക്കുവാൻ നിവൃത്തിയില്ല.

(എഫ്) വ്യവസായ എസ്റ്റേറ്റ്, മിനിവ്യവസായ എസ്റ്റേറ്റ് എന്നിവയിലെ വസ്തു, കെട്ടിടം എന്നിവ നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഔട്ട്/ഹയർ പർച്ചേസ് പ്രകാരം വ്യവസായികൾക്ക് നൽകുന്നുണ്ട്.

(ജി)&(എച്ച്) താൽക്കാലിക വില മാത്രം നൽകി കെട്ടിടവും സ്ഥലവും വാങ്ങിയവർ പൂർണ്ണമായ വില അടയ്ക്കുകയും, ഭൂമിയുടെ പട്ടയം സിഡ്കോയ്ക്ക് ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് വ്യവസായികൾക്ക് പട്ടയം നൽകാൻ കഴിയും.

(ഐ) മാനേജ്മെന്റിലോ, പാർട്ട്ണർ ഷിപ്പിലോ വ്യത്യാസം വരുത്തുന്നതിന്, നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഇപ്പോൾത്തന്നെ വ്യവസായികൾക്ക് അനുവാദം നൽകിവരുന്നുണ്ട്.

(ജെ) സിഡ്കോയുടെ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന വ്യവസായയൂണിറ്റുകൾക്ക് പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളും തൊഴിലാളികളും

2 (3072) ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ മാസം വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന വ്യവസായ ഫാക്ടറികൾ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യവസായ ഫാക്ടറികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത് എത്ര ജില്ലയിലെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കുറച്ച് വ്യവസായ ഫാക്ടറികൾ പ്രവർത്തിച്ചുവരുന്ന ജില്ല ഏതെന്ന് വെളിപ്പെടുത്തുമോ;

(ഡി) 1999 ഡിസംബർ വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചതായി കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly